# രാഷ്ട്രീയ ഇസ്‌ലാം



**ശൈഖ് അബ്ദുർറഹ്മാൻ അബ്ദുൽ ഖാലിഖ്** (സലഫി പണ്ഡിതൻ)

*? രാഷ്ട്രീയ ഇസ്‌ലാം, രാഷ്ട്രീയമില്ലാത്ത ഇസ്‌ലാം എന്നിങ്ങനെ രണ്ടുണ്ടോ? എന്താണ് രാഷ്ട്രീയ ഇസ്‌ലാമിന്റെ വിവക്ഷ? ഇക്കാര്യത്തിൽ ഒരു വിശ്വാസിയുടെ നിലപാടെന്ത്?*

= അല്ലാഹുവിന്റെ ദീൻ പൂർണമാണ്. അത് ജീവിതത്തെ ഒന്നാകെ ഉൾക്കൊള്ളുന്നു. മനുഷ്യന്റെ ഓരോ പ്രവൃത്തിയിലും അല്ലാഹുവിന്റെ വിധിതീർപ്പ് ദീക്ഷിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവിന്റെ നിയമപരിധിക്ക് പുറത്ത് ഒരു കർമവും ഇല്ല. ഹലാൽ, ഹറാം, ഭക്ഷണം, വസ്ത്രം, അലങ്കാരം, ശുദ്ധി, സമ്പാദ്യം, മറ്റുള്ളവരുമായി ഇടപഴകൽ, വിശ്വാസി-അവിശ്വാസി ബന്ധം, ഭരണകർത്താവും ഭരണീയനും തമ്മിലുള്ള ബന്ധം... ഇങ്ങനെ എല്ലാറ്റിനും അല്ലാഹുവിന്റെ നിയമനിർദേശങ്ങളുണ്ട്. രക്ഷിതാവും അവന്റെ അടിമയും തമ്മിലുള്ള ബന്ധമാണ് ഇബാദത്ത്. നമസ്കാരം, നോമ്പ്, വിധേയത്വം ഇതൊക്കെയും ഇബാദത്താണ്. ദീൻ ഒന്നേയുള്ളൂ. ഇബാദത്തിന്റെ ഇസ്‌ലാം, അഖീദയുടെ ഇസ്‌ലാം, ഖൽബിന്റെ ഇസ്‌ലാം, രാഷ്ട്രീയ ഇസ്‌ലാം എന്നിങ്ങനെ നാമകരണം ചെയ്യുന്നത് ശരിയല്ല.

ഇസ്‌ലാമിനെ വിഭജിച്ച് അതിലൊരു ഭാഗം മാത്രമെടുക്കുന്നത് വിശ്വാസ നിഷേധം തന്നെയാണ്. ഞാൻ ഇബാദത്തുകൾ സ്വീകരിക്കാം, ദീനിന്റെ മറ്റു കാര്യങ്ങളൊന്നും സ്വീകരിക്കില്ല എന്ന് പറയുന്നവൻ ലോകസ്രഷ്ടാവിനെ നിഷേധിക്കുകയാണ്.

ഈയൊരു നിലക്ക് വേണം അവർ പേർചൊല്ലി വിളിക്കുന്ന 'രാഷ്ട്രീയ ഇസ്‌ലാമി'നെയും കാണാൻ. ഭരിക്കുന്നവരും ഭരണീയരും തമ്മിലുള്ള ബന്ധത്തെയാണ് രാഷ്ട്രീയം എന്ന് പറയുന്നത്. ഇത് ദീനിൽ പെടുമോ ഇല്ലേ എന്നാണ് ചോദ്യം. ഉത്തരം: ഇതും ദീൻ തന്നെ. ജനങ്ങൾക്കിടയിൽ വിധി നടത്തുമ്പോൾ നീതിപൂർവം വിധിക്കുക; നിങ്ങൾ ഒരു കാര്യത്തിൽ ഭിന്നിച്ചാൽ അതിന്റെ വിധിതീർപ്പ് അല്ലാഹുവിനും റസൂലിനും വിടുക, ദൈവേതര ശക്തികളുടെ വിധി തേടിപ്പോവരുത്, പ്രവാചകനെ വിധികർത്താവായി അംഗീകരിക്കാത്ത ഒരുത്തനും വിശ്വാസിയായിത്തീരുകയില്ല എന്നൊക്കെ ഖുർആൻ (അന്നിസാഅ് 58 മുതൽ 65 വരെ സൂക്തങ്ങൾ) ഉണർത്തുന്നുണ്ടല്ലോ.

ദീനിനെയും ദുൻയാവിനെയും വേർപ്പെടുത്തുകയെന്നത് സത്യനിഷേധമാണ്. കാരണം നമ്മുടെ രക്ഷിതാവ് നമുക്ക് അവിഭാജ്യമായ ഒരൊറ്റ ദീനേ നൽകിയിട്ടുള്ളൂ. ആ രക്ഷിതാവിന് മുമ്പിലേ നാം നമിക്കാവൂ. അവനെയല്ലാതെ അനുസരിക്കരുതെന്നും നമ്മോട് കൽപിച്ചിരിക്കുന്നു. ■



**ശൈഖ് ഫൈസൽ മൗലവി**
(ലബനാനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽജമാഅ അൽ ഇസ്‌ലാമിയ്യയുടെ മുൻ സാരഥി)

## ഇലക്ട്രോണിക് ഡ്രമ്മുകൾ

*? ഞങ്ങൾ ഒരു സംഘം ചെറുപ്പക്കാർ ഒരു ഗാനമേള ട്രൂപ്പ് ഉണ്ടാക്കിയിട്ടുണ്ട്. ഇസ്‌ലാമിക ഗാനങ്ങൾ ചിട്ടപ്പെടുത്തി ആലപിക്കുകയാണ് ഞങ്ങൾ ചെയ്യുന്നത്. ഗാനമാലപിക്കുമ്പോൾ സംഗീതത്തിനു വേണ്ടി ഇലക്ട്രോണിക് ഡ്രംസ് ഉപയോഗിക്കുന്നത് അനുവദനീയമാണോ? ഒരു വിധം എല്ലാ മ്യൂസിക് ചേരുവകളും ഈ ഉപകരണം വഴി ഉണ്ടാക്കാൻ കഴിയും.*

= ഇസ്‌ലാമിക -സോദ്ദേശ്യ ഗാനങ്ങൾക്ക് വേണ്ടിയാണ് സംഗീതോപകരണം ഉപയോഗിക്കുന്നതെങ്കിൽ അത് അനുവദനീയമാണ്. ചില പ്രബലമായ ഹദീസുകളിൽ വന്നിട്ടുള്ള സംഗീതോപകരണ നിരോധം ഇതിന് ബാധകമല്ല. ഹദീസുകളിൽ പറഞ്ഞ കാര്യങ്ങൾക്കല്ലല്ലോ ഇവിടെ സംഗീതോപകരണം ഉപയോഗിക്കുന്നത്. അതിനാൽ അനുവദനീയതയുടെ പരിധിയിലാണത് വരിക.

## സ്കൗട്ട് ബാന്റ് വാദ്യങ്ങൾ

*?സ്കൗട്ടിലും പരേഡിലും മറ്റും ഉപയോഗിക്കുന്ന സംഗീതവും ബാന്റ് വാദ്യങ്ങളും അനുവദനീയമാണോ?*

= സംഗീതോപകരണങ്ങളെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ രണ്ട് അഭിപ്രായമുണ്ട്. സംഗീതം അടിസ്ഥാനപരമായി നിഷിദ്ധമാണെന്ന് ഒരു വിഭാഗം കരുതുന്നു. ചില നിർണിത സന്ദർഭങ്ങളിൽ ഏതാനും ചില സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതിന് വിരോധമില്ല എന്നാണവർ പറയുന്നത്.

രണ്ടാമത്തെ വിഭാഗം, സംഗീതം അടിസ്ഥാനപരമായി അനുവദനീയമാണെന്ന് കരുതുന്നു. ചില പ്രത്യേക സന്ദർഭങ്ങളിലേ അത് നിഷിദ്ധമായിത്തീരുകയുള്ളൂ. ഈ വിഷയത്തിൽ വന്ന വിവിധ ഹദീസുകളാണ് ഈ അഭിപ്രായ ഭിന്നതക്ക് കാരണം.

എന്റെ അഭിപ്രായത്തിൽ, സംഗീതവും ഗാനാലാപനവുമൊക്കെ നിഷിദ്ധമാവുന്നത്, അത് നിഷിദ്ധ കർമങ്ങളുമായി ബന്ധപ്പെടുമ്പോഴാണ്. ഇസ്‌ലാമിക പരിധികൾ പാലിക്കാതെ നഗ്നത വെളിപ്പെടുത്തിക്കൊണ്ടുള്ള പ്രകടനങ്ങൾക്ക് അകമ്പടിയായി വരുന്ന സംഗീതം, ആണും പെണ്ണും ഇടകലർന്നുള്ള നൃത്തങ്ങൾക്ക് വേണ്ടിയുള്ള സംഗീതം, മനസ്സിൽ ദുഷ്ചിന്തകൾ ഉണർത്തുന്നതോ ഇസ്‌ലാമിക മായ ബാധ്യതകൾ നിർവഹിക്കുന്നതിൽ നിന്ന് ഒരാളെ അശ്രദ്ധമാക്കിക്കളയുന്നതോ ആയ സംഗീതം-ഇതെല്ലാം ഹറാം തന്നെയാണ്.

ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്കൗട്ട് ബാന്റ് വാദ്യങ്ങൾ നിഷിദ്ധമാകാൻ വഴിയില്ല. മേൽ പറഞ്ഞ തരത്തിലുള്ള നിഷിദ്ധ രൂപങ്ങൾ അതുമായി ചേർന്ന് വരരുതെന്ന ഉപാധിയോടെ.

കുവൈത്തിലെ ഔഖാഫ് മന്ത്രാലയത്തിന് കീഴിലുള്ള ഫത്‌വാ സമിതി, സൈന്യത്തിലെ ബാന്റ് വാദ്യങ്ങൾ അനുവദനീയമാണെന്ന് പറഞ്ഞിട്ടുണ്ട്. കാരണം, സൈനികരുടെ മനസ്സിൽ ദേശസ്നേഹവും ആവേശവുമുണ്ടാക്കാനാണല്ലോ സാധാരണയായി അത്തരം വാദ്യങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ടാവുക. സ്കൗട്ട് ബാന്റ് വാദ്യങ്ങൾക്കും ഇതിനോടാണ് സാദൃശ്യം. ■